**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1535** | **04-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ആർ.ഡി.ഒ. കോടതിയിൽ നിന്ന് സ്വർണം കാണാതായ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ആർ.ഡി.ഒ. കോടതിയിൽ സൂക്ഷിച്ചിരുന്ന 139 പവനോളം സ്വർണ്ണം കാണാതായ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; അന്വേഷണത്തിലെ കണ്ടെത്തൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത സംഭവത്തിൽ തിരുവനന്തപുരം എഡിഎം, സബ് കളക്ടർ, ഡെപ്യൂട്ടി കളക്ടർ (എൽ.എ) എന്നിവരെ ഉൾപ്പെടുത്തി അന്വേഷണസംഘം രൂപീകരിച്ചിരുന്നതും പ്രസ്തുത സമിതി 10.06.2022ന് ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിരുന്നതുമാണ്. കൂടാതെ പേരൂർക്കട എസ്.എച്ച്.ഒ. 600/22/എഫ്-112 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്തിരുന്ന കേസിൽ കുറ്റക്കാരനായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസിലെ മുൻ സീനിയർ സൂപ്രണ്ട് ആയ ശ്രീ. ശ്രീകണ്ഠൻ നായരെ അറസ്റ്റ് ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട കോടതി ടിയാനെ റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത സംഭവത്തിന് പിന്നിൽ ഗൂഢാലോചനയുണ്ടെന്ന് ആക്ഷേപം ഉയർന്ന സാഹചര്യത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ പങ്ക് അന്വേഷിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ; | (സി) | പോലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് സമഗ്ര അന്വേഷണം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | സമാനമായ തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ പരിശോധനാ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ തയ്യാറാകുമോ; വിശദമാക്കാമോ? | (ഡി) | റവന്യൂ വകുപ്പിന്റെ കീഴിലുള്ള പരിശോധനാ വിഭാഗങ്ങളുടെ സഹായത്തോടെ ഇനി ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരുക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ